**ഭരണഭാഷ-മാതൃഭാഷ**

നം. ICDS/B2/6599/21

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 08.10.2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

# <u>പരിപത്രം</u>

വിഷയം: വനിത ശിശു വികസന വകുപ്പ് - 2021 - ICDS ദിനത്തിനോടനുബന്ധിച്ച് ചുമർ ചിത്രങ്ങൾ ചെയ്യുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത - സംബന്ധിച്ച്.

SOCIAL Y 4902

സൂചന: ഈ കാര്യാലയത്തിലെ 28.09.2021 തീയതിയിലെ ICDS/B2/6599/21 നമ്പർ കത്ത്.

2021 ഒക്ടോബർ 2 ICDS ദിനത്തിനോടനുബന്ധിച്ച് വകുപ്പ് മുഖേന ഒരു മാസം നീണ്ടു നിൽക്കുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ ഭാഗമായി ജില്ലാതലത്തിൽ ചുമർചിത്ര രചന സംഘടിപ്പിക്കുന്നതിനുള്ള ടാഗ്- ലൈൻ അധിക നിർദ്ദേശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

1) "അമ്മയ്ക്കും കുഞ്ഞിനും കരുതലായി അങ്കണവാടികൾ" എന്ന ആശയംഉൾകൊണ്ടുള്ള വിഷയങ്ങളാണ് ചുമർചിത്ര രചനയിൽ ഉണ്ടാകേണ്ടത്.

2) ചുമർചിത്ര രചന സംഘടിപ്പിക്കുന്നതിനു ജില്ലയിൽ പൊതുജന ശ്രദ്ധ ആകർഷിക്കുന്ന സ്ഥലത്ത് ചുവർ കണ്ടെത്തി (ചുരുങ്ങിയത് 5 മീ. നീളം) പെയിന്റിംഗ് നടത്തുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതി മുൻകൂട്ടി വാങ്ങേണ്ടതാണ്.

3) ജില്ലാതല പരിപാടികൾക്കായി ആകെ അനുവദിച്ച 10000/- രൂപയിൽ വെബിനാർ, ഡോക്യുമെന്റേഷൻ, ചിത്ര രചന എന്നിവ ഉൾക്കൊള്ളിച്ച് ചെയ്യേണ്ടതണ്.

4) ചുമർചിത്ര രചനയ്ക്ക് മുൻപായി ചിത്ര രചനയുടെ Miniature വാങ്ങി ജില്ലാ വനിത ശിശുവികസന ഓഫീസർ അദ്ധ്യക്ഷതയിൽ മെമ്പർമാരായി പ്രോഗ്രാം ഓഫീസർ, ശിശു സംരക്ഷണ ഓഫീസർ എന്നിവർ അടങ്ങുന്ന കമ്മിറ്റിയുടെ അംഗീകാരത്തിനു ശേഷം മാത്രമേ ചിത്ര രചന നടത്താൻ പാടുള്ളൂ.

5) കക്ഷി രാഷ്ട്രീയം, മതം എന്നീ സന്ദേശങ്ങൾ, ജനങ്ങൾക്കിടയിൽ ഭിന്നതയുണ്ടാക്കുന്ന മറ്റ് സന്ദേശങ്ങൾ ഉൾകൊള്ളുന്ന ആശയങ്ങൾക്ക് അംഗീകാരം നൽകുവാൻ പാടുള്ളതല്ല.

6) 2021 ഒക്ടോബർ 20 നകം ചുമർ ചിത്ര രചന സംഘടിപ്പിക്കേണ്ടതാണ്.

ചുമർചിത്ര രചന സംഘടിപ്പിക്കുന്നതിനുള്ള നടപടി അടിയന്തിരമായി ആരംഭിക്കേണ്ടതും പുരോഗതി റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

SOPHY JACOB
PEN 457974
Assistant Director
Women and Child Development Department
Thiruvananthapuram - 695 012

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

GB